## മേലുദ്യോഗസ്ഥൻ കീഴുദ്യോഗസ്ഥയ്ക്ക് ജോലി സമയത്തിനു ശേഷം അശ്ലീല സന്ദേശങ്ങളയച്ചത് തൊഴിൽ സ്ഥലത്തെ ലൈംഗിക പീഡനം

### രാജസ്ഥാൻ ഹൈക്കോടതി

S.B.C.W.P. No. 150/2021 Dt. 11.1.2021

സഞ്ജീവ് മിശ്ര

x

ഡിസിപ്ലിനറി അതോറിറ്റി

ഹർജിക്കാരൻ ബേങ്ക് ഓഫ് ബറോഡയുടെ ഒരു ശാഖയിൽ ചീഫ് മേനേജരായി ജോലി ചെയ്തിരുന്ന കാലത്ത് അതേ ശാഖയിൽ കീഴുദ്യോഗസ്ഥയായിരുന്നു പരാതിക്കാരി. രണ്ടു പേരും പിന്നീട് വിവിധ സംസ്ഥാനങ്ങളിലെ ശാഖകളിൽ ജോലി ചെയ്യുമ്പോഴും ഹർജിക്കാരൻ പരാതിക്കാരിയുമായി സന്ദേശങ്ങളിലൂടെ സമ്പർക്കം പുലർത്താറുണ്ട്. ജോലി സമയത്തിനു ശേഷമാണ് ഹർജിക്കാരൻ വിദൂരതയിലുള്ള പരാതിക്കാരിക്ക് സന്ദേശങ്ങളയച്ചിരുന്നത്. ഇപ്രകാരമിരിക്കെ ഒരിക്കൽ ഹർജിക്കാരൻ പരാതിക്കാരിക്ക് ലൈംഗികച്ചുവയുള്ള അശ്ലീല സന്ദേശമയക്കുകയുണ്ടായി. ഇതു സംബന്ധിച്ച് പരാതിക്കാരി മേനേജ്മെന്റിന് പരാതി നല്കി. പരാതിയിൽ കഴമ്പുണ്ടെന്നു കണ്ട ഡിസിപ്ലിനറി അതോറിറ്റി ഹർജിക്കാരന് കുറ്റപത്രം നല്കി. ഇതിനെതിരെയാണ് ഹർജിക്കാരൻ ഹൈക്കോടതിയിൽ റിട്ട് ഹർജി സമർപ്പിച്ചത്. ജോലി സമയത്തിനു ശേഷം തൊഴിൽ സ്ഥലത്തിനു പുറത്തുവച്ച് ഉണ്ടായ സംഭവം ഒരു കാരണവശാലും തൊഴിൽ സ്ഥലത്തെ ലൈംഗിക പീഡനമാവില്ലെന്ന് വാദിച്ച ഹാർജിക്കാരൻ തനിക്കെതിരെയുള്ള കുറ്റപത്രം റദ്ദാക്കണമെന്ന് വാദിച്ചു. ആധുനിക ഡിജിറ്റൽ യുഗത്തിൽ തൊഴിൽ സ്ഥലം നിശ്ചിത പ്രദേശത്തേക്കു മാത്രമായി ചുരുങ്ങില്ലെന്നും ലോകം മുഴുവൻ ഒറ്റ തൊഴിൽ സ്ഥലമായി കണക്കാക്കാനേ സാധിക്കൂവെന്നും ഹൈക്കോടതി നിരീക്ഷിച്ചു. അതുപോലെ മേലുദ്യോഗസ്ഥരുടെ ജോലി സമയവും നിശ്ചിത സമയത്തേക്കായി പരിമിതപ്പെടുത്താനാവില്ലെന്നും ഹൈക്കോടതി ചൂണ്ടിക്കാട്ടി. വ്യത്യസ്ത സംസ്ഥാനങ്ങളിലെ ശാഖയിൽ ജോലി ചെയ്യുന്നതാണെങ്കിലും ജോലി സമയത്തിനു ശേഷം സംഭവിച്ചതാണെങ്കിലും മേലുദ്യോഗസ്ഥൻ കീഴുദ്യോഗസ്ഥക്ക് ലൈംഗികച്ചുവയുള്ള അശ്ലീല സന്ദേശങ്ങൾ അയച്ചത് തൊഴിൽ സ്ഥലത്തെ ലൈംഗിക പീഡനം എന്നതിന്റെ നിർവ്വചനത്തിൽപ്പെടുമെന്ന് വിലയിരുത്തിയ ഹൈക്കോടതി ഹർജിക്കാരനെതിരെയുള്ള കുറ്റപത്രം റദ്ദാക്കാനാവില്ലെന്ന് വിധിക്കുകയും റിട്ട് ഹർജി തള്ളിക്കളയുകയും ചെയ്തു.